# വലിച്ചെറിയലിലെ തിരിച്ചറിവ്


**'ഡിസ്പോസിബ്ൾ'** സംസ്കാരം മുതലാളിത്തത്തിന്റെ ഉപോൽപന്നമാണെന്നും അതുകൊണ്ടുതന്നെ അതു വലിച്ചെറിയേണ്ടതാണെന്നും നാം തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ ഈ തിരിച്ചറിവ് ഒരു പുനർവിചിന്തനത്തിനു വിധേയമാക്കേണ്ടതുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മുതലാളിത്ത രാജ്യങ്ങളും, പരിഷ്കൃത സമൂഹം എന്ന് നാം കരുതുന്ന സമൂഹങ്ങളും ശീലിച്ചിട്ടുള്ളതെന്തും അപ്പടി കൊള്ളേണ്ടതോ, അപ്പടി തള്ളേണ്ടതോ ആണോ? ഈ വിഷയത്തിൽ ആത്യന്തിക തീവ്രനിലപാടുകൾ സ്വീകരിക്കുന്നതിനു പകരം ഇവയിൽ കൊള്ളാവുന്നത് കൊള്ളുകയും തള്ളേണ്ടത് തള്ളുകയും ചെയ്യുന്ന ഒരു സമീപനമല്ലേ കരണീയം?

വലിച്ചെറിയുന്നതെന്തും നിഷിദ്ധം എന്ന നിലപാട് സ്വീകരിക്കുന്നത് പരിസര മലിനീകരണത്തിന്റെയും പരിസ്ഥിതി പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിലാണ് എന്നത് വിസ്മരിച്ചുകൊണ്ടല്ല പുനർവിചിന്തനം വേണമെന്ന് ആവശ്യപ്പെടുന്നത്, മറിച്ച് കെട്ടുപാടുകളും ഇടുക്കങ്ങളും ഒഴിവാക്കി കാര്യങ്ങൾ എളുപ്പമാക്കുന്നതിനും സാമ്പത്തികവും മറ്റുമായ പ്രയാസങ്ങൾ ഒഴിവാക്കുന്നതിനുമാണ്. 'യസ്സിറൂ വലാതുഅസ്സിറൂ' എന്നത് എളുപ്പമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്.

വുദൂ എടുക്കാൻ പ്രയാസമുള്ളപ്പോൾ തയമ്മും ചെയ്യാൻ നിർദേശം നൽകിയ കൂട്ടത്തിൽ നിങ്ങൾക്ക് ഞെരുക്കമല്ല എളുപ്പമാണ് ഉദ്ദേശിക്കുന്നത് എന്ന് അല്ലാഹു പറയുന്നുണ്ട്. യുദ്ധം ചെയ്യാനും ജീവത്യാഗം ചെയ്യാനും ആവശ്യപ്പെട്ട ഒരു സന്ദർഭത്തിലും അല്ലാഹു ഇങ്ങനെ പറഞ്ഞിട്ടില്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്. യുദ്ധവും ത്യാഗങ്ങളും ജീവാർപ്പണവും ഒരുപക്ഷേ തീരെ മനഃപ്രയാസമില്ലാതെ നിർവഹിക്കാൻ ചില സന്ദർഭങ്ങളിലെങ്കിലും മനുഷ്യമനസ്സ് സജ്ജമാവും. അതിന്റെ ഭൗതികമോ പാരത്രികമോ ആയ ഗുണഫലങ്ങളോ മോക്ഷമോ കാംക്ഷിച്ചുകൊണ്ടാവാം അത്. എന്നാൽ അതിശൈത്യത്തിൽ വെള്ളമുപയോഗിച്ച് വുദൂ ചെയ്യുന്നതിലെയും കുളിക്കുന്നതിലെയും പ്രയാസങ്ങൾ മനസ്സിന് ഞെരുക്കം ഉണ്ടാക്കുന്നു എന്നതുകൊണ്ടാവാം അല്ലാഹു എളുപ്പത്തെക്കുറിച്ച് സൂചിപ്പിച്ചത്.

ഗ്ലാസ്, പ്ലേറ്റ്, കുട, ഷർട്ട്, ശയ്യോപകരണങ്ങൾ തുടങ്ങി പലതും ഇന്ന് ഡിസ്പോസിബ്ൾ ആയി ലഭ്യമാണ്. ഇവയിൽ പലതിന്റെയും ഉപയോഗം ഒരനുഗ്രഹമായി കാണുന്നവരാണ് സമൂഹത്തിൽ

## • കത്തുകൾ




നല്ലൊരു ഭാഗവും. ഡിസ്പോസിബ്ൾ ഗ്ലാസ് ഇറങ്ങുന്നതിനു മുമ്പ് തീവണ്ടി യാത്ര ചെയ്തിരുന്ന പലർക്കും അനുഭവിക്കേണ്ടിവന്ന ഒരു ദുരിതമായിരുന്നു തീവണ്ടികളിൽ പുലർച്ചെയുള്ള കാപ്പികുടി. ഒരേ ഗ്ലാസ്സിൽ തന്നെ അതു വൃത്തിയായി കഴുകുക പോലും ചെയ്യാതെ കാപ്പി വിതരണം ചെയ്യുകയായിരുന്നു പതിവ്. ഛർദിയുണ്ടാക്കുന്നതും സാംക്രമികരോഗങ്ങൾ വളരെ വേഗം പടരന്നതുമായ ഈ രീതിക്കെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നതിനാലാണ് തീവണ്ടികളിൽ ആദ്യമായി ഡിസ്പോസിബ്ൾ ടംബ്ലറുകൾ ഉപയോഗിച്ചുതുടങ്ങിയത്. വൃത്തിയും ശുചിത്വ ബോധവുമുള്ളവരെ സംബന്ധിച്ച് വളരെ അനുഗൃഹീതമായ ഒരു പരിഷ്കരണമായിരുന്നു റെയിൽവേ വരുത്തിയത്. ഈ ഡിസ്പോസിബ്ൾ ടംബ്ലറുകൾ പിന്നീട് വ്യാപകമായി പ്രചരിക്കുകയായിരുന്നു. കല്യാണങ്ങൾക്കും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടികൾക്കും ഡിസ്പോസിബ്ൾ ടംബ്ലറുകൾ പിന്നീട് അത്യാവശ്യ ഘടകമായി. സ്റ്റീൽ ടംബ്ലറുകൾ, ഗ്ലാസ് ടംബ്ലറുകൾ എന്നിവ ഉപയോഗിച്ച് കഴുകി വീണ്ടും ഉപയോഗിക്കുന്നതിലെ പ്രയാസം തന്നെയാണ് ഇതിലെ മുഖ്യ ഘടകം. ആയിരക്കണക്കിന് ഗ്ലാസ്സുകൾ പലതവണ കഴുകിയെടുക്കാൻ വേണ്ട വെള്ളം (ഡിസ്പോസിബ്ൾ ടംബ്ലറുകൾ ലഭ്യമാവുമ്പോൾ) ഉപയോഗിക്കുന്നത് ഒരർഥത്തിൽ ദുരുപയോഗമായി കാണേണ്ടതല്ലേ? ഇത് കഴുകിയെടുക്കാനുള്ള മനുഷ്യാധ്വാനവും അതിനു വേണ്ട ചെലവുകളും കണക്കുകൂട്ടുമ്പോൾ 'ഇസ്റാഫ്' വർധിക്കുന്നു എന്നതാണ് വസ്തുത. ഒരു ശരാശരി വിവാഹസൽക്കാരത്തിന് ആവശ്യമായ ടംബ്ലറുകൾ, കുപ്പി കൊണ്ടുള്ളവ ഉപയോഗിക്കുകയാണെങ്കിൽ സൽക്കാരം നടത്തുന്നയാൾക്ക് നമ്മുടെ നാട്ടിലെ കണക്ക് വെച്ചു നോക്കിയാൽ ആയിരത്തഞ്ഞൂറ് രൂപയെങ്കിലും അധിക ചെലവ് വരും. കാരണം ആയിരം ഡിസ്പോസിബ്ൾ ടംബ്ലറുകൾക്ക് ഇരുനൂറോ മുന്നൂറോ രൂപയേ വിലവരൂ. എന്നാൽ ഗ്ലാസ് സ്റ്റീൽ ടംബ്ലറുകളാണെങ്കിൽ അവയുടെ വാടക ഇനത്തിൽതന്നെ വലിയ തുക വരും. അതിനു പുറമെ അത് കഴുകിയെടുക്കാൻ രണ്ടോ മൂന്നോ പേരെ പ്രത്യേകം ഏർപ്പെടുത്തേണ്ടിവരും. സൽക്കാരവേളകളിൽ വേലക്ക് വിളിക്കുന്നവർക്ക് രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആണ് കൂലി. ഒരു സ്ത്രീതൊഴിലാളിക്ക് ആ ദിവസം നാനൂറ് രൂപ ശരാശരി കൂലി നൽകേണ്ടിവരും. ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വെള്ളം വില കൊടുത്തു വാങ്ങേണ്ടിവരുമ്പോൾ ചെലവ് ഇരട്ടിക്കുകയും ചെയ്യുന്നു. ഗ്ലാസ് ടംബ്ലറുകളാണെങ്കിൽ അവ പൊട്ടിപ്പോകുന്ന നഷ്ടം വേറെയും.

പല സമ്മേളനങ്ങളിലും 'ഡിസ്പോഫോബിയ' വമ്പിച്ച പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന വസ്തുത നിഷേധിച്ചിട്ട് കാര്യമില്ല. താരതമ്യേന ചെറിയ വസ്തുവായ ടംബ്ലറുകളുടെ മാത്രം അവസ്ഥയാണ് ഇതെങ്കിൽ ഇതിനേക്കാൾ എത്രയോ പ്രയാസകരമാണ് പ്ലേറ്റുകളുടെയും മറ്റും കാര്യം. നാം 'ഡിസ്പോസിബ്ൾ' ഒഴിവാക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ പലപ്പോഴും സാമ്പത്തിക ഭാരത്തിനു പുറമെ ആരോഗ്യകരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും മനസ്സിലാക്കണം. മെലാമിൻ പ്ലേറ്റുകൾ എന്ന പേരിൽ നാം ഉപയോഗിക്കുന്ന പ്ലേറ്റുകൾ മരച്ചീനിയുടെ ഫൈബർ വേസ്റ്റും യൂറിയയും കൂട്ടിച്ചേർത്തുണ്ടാക്കുന്നവയാണ്. ഇതിൽ മറ്റു പല രാസപദാർഥങ്ങളും കൂട്ടിച്ചേർത്തിട്ടുള്ളതായാണ് അറിവ്. ഇതിൽ ചൂടുള്ള ഭക്ഷ്യപദാർഥങ്ങൾ കഴിക്കുന്നത് ആരോഗ്യകരമല്ലെന്നാണ് കണ്ടെത്തലുകൾ. യഥാർഥ മെലാമിൻ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകളാണെങ്കിൽ അവക്ക് എഴുപത് രൂപയിൽ കൂടുതൽ ഒന്നിനു തന്നെ വിലയാവും. വാഴയിലയുടെ കാര്യവും 'ഡിസ്പോസിബ്ൾ' ആണെങ്കിൽ അത്രതന്നെ ആശാസ്യമല്ല. വാഴത്തോട്ടങ്ങളിൽനിന്ന് ശേഖരിക്കുന്ന വാഴയിലകളിൽ വൻതോതിൽ കീടനാശിനി പ്രയോഗങ്ങൾ നടക്കാറുണ്ട് എന്നത് എല്ലവർക്കുമറിയാം. ഒരു വാഴ കുലക്കുന്ന

തിനു മുമ്പ് നാലോ അഞ്ചോ തവണയാണ് കീടനാശിനികൾ തളിക്കുക. അതും വാഴയുടെ തൂമ്പിൽ. വേനൽക്കാലങ്ങളിലാണെങ്കിൽ ഇത് ഒട്ടും നഷ്ടപ്പെടാതെ കൂമ്പിൽ തന്നെ പറ്റിപ്പിടിച്ചു നിൽക്കുന്നു. ഈ ഇലയിൽ നാം ഭക്ഷണം കഴിക്കേണ്ടിവരുന്നതിലെ അപകടത്തെക്കുറിച്ചും ചിന്തിക്കേണ്ടതല്ലേ?

ഇത്രയും പറഞ്ഞതിൽനിന്ന് ഡിസ്പോസിബ്ൾ ടംബ്ലറുകളും പ്ലേറ്റുകളും മാത്രമാണ് ഉപയോഗയോഗ്യം എന്നർഥമാക്കേണ്ടതില്ല. നമ്മുടെ സൗകര്യത്തിനും സാമ്പത്തിക ലാഭത്തിനും എളുപ്പത്തിനും യോജിക്കുന്നതുതന്നെയാണ് ഡിസ്പോസിബ്ൾ എന്നേയുള്ളൂ. ഇവയോടുള്ള ആത്യന്തിക സമീപനമാണ് പ്രശ്നം. പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത രൂപത്തിൽ പേപ്പറുകളിലും മറ്റും നിർമിക്കപ്പെടുന്ന ഡിസ്പോസിബ്ളുകൾ ഇപ്പോൾ ലഭ്യമാണ്. പ്ലാസ്റ്റിക്കിന്റേതുതന്നെയാണെങ്കിൽ, അവ വർജിക്കുന്നതിനു പകരം പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ അവ സംസ്കരിക്കുന്നതിനുള്ള വഴികൾ കണ്ടെത്തി എളുപ്പമുള്ള കാര്യങ്ങൾ ചെയ്യുന്നതായിരിക്കും കരണീയം.

ഫ്ളക്സ് ബോർഡുകളുടെ കാര്യവും ഇത്തരത്തിൽതന്നെ. ഫ്ളക്സ് ബോർഡുകൾ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നു എന്നത് അംഗീകരിക്കാം. എന്നാൽ അവ സമാനമായ മറ്റു പ്രചാരണമാർഗങ്ങളെ അപേക്ഷിച്ച് ഏറെ ലാഭകരമാണ്. ഇത്തരത്തിൽ ലാഭകരമായ രീതി ഉണ്ടാവുമ്പോൾ അവ ഉപേക്ഷിക്കുന്നതിനു പകരം പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ അവ സംസ്കരിക്കാൻ കഴിഞ്ഞാൽ, അതായിരിക്കില്ലേ ഉത്തമം?

**മുഹമ്മദ് കുട്ടി പൊന്മുണ്ടം**

# ഹോളോകോസ്റ്റും ഇസ്രയേലും

**"ഇവിടെ** നാം കൈകാര്യം ചെയ്യുന്നത് ഒരു വിലക്കപ്പെട്ട വിഷയമാണ്- സയണിസവും ഇസ്രയേൽ രാഷ്ട്രവും എന്ന വിഷയം. ഫ്രാൻസിൽ നിങ്ങൾക്ക് കത്തോലിക്കാ സിദ്ധാന്തങ്ങളെയോ മാർക്സിസത്തെയോ വിമർശിക്കാം. നിരീശ്വരവാദത്തെയോ ദേശീയതയെയോ ആക്രമിക്കാം. സോവിയറ്റ് യൂനിയനിലെയും അമേരിക്കൻ ഐക്യനാടുകളിലെയും ദക്ഷിണാഫ്രിക്കയിലെയും ഭരണകൂടങ്ങളെ അധിക്ഷേപിക്കാം. അരാജകത്വമോ രാജവാഴ്ചയോ പ്രചരിപ്പിക്കാം. ഒരു വിവാദത്തിൽ പങ്കാളിയാവുന്നു, എതിരഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്നു- സാധാരണയായി ഇത്തരം കാര്യങ്ങൾക്കപ്പുറം യാതൊരപകടവും അതുകൊണ്ട് ഉണ്ടാവുന്നില്ല. എന്നാൽ, നിങ്ങൾ സയണിസത്തെ വിശകലനം ചെയ്യാൻ തുനിയുന്നു എന്നിരിക്കട്ടെ. വ്യത്യസ്തമായ ഒരു ലോകത്തിലേക്കാണ് അതോടെ നിങ്ങൾ കടന്നു ചെല്ലുന്നത്. എഴുത്തിന്റെ ലോകത്തുനിന്ന് നിയമകോടതിയുടെ ലോകത്തിലേക്ക് നിങ്ങൾ മാറുകയായി." പ്രഫസർ റജാ ഗരോഡി എഴുതിയ *സയണിസം* എന്ന കൃതിയിൽനിന്നുള്ള വരികളാണിത്.

ഒരു ചരിത്രസംഭവം ഒരു രാഷ്ട്രത്തിന്റെ നിലനിൽപിന്റെ യുക്തിയും നിരന്തരമായി ആവർത്തിക്കപ്പെടുന്ന അനീതിയുടെയും ക്രൂരതകളുടെയും ന്യായീകരണവുമാവാൻ പാടുള്ളതല്ല. ഇന്നത്തെ ഇസ്രയേൽ രാഷ്ട്രം അതിന്റെ നിലനിൽപിന്റെ യുക്തിക്കും ന്യായീകരണത്തിനുമുള്ള വിലപ്പെട്ട ചരിത്രവസ്തുത എന്ന നിലയിലാണ് രണ്ടാം ലോക യുദ്ധകാലത്ത് ജർമനിയിൽ നടന്നതായി പറയപ്പെടുന്ന ഹോളോകോസ്റ്റിനെ കാണുന്നത്. ആയിരക്കണക്കിന് വർഷങ്ങളായി ഫലസ്ത്വീനിൽ ജീവിച്ച തദ്ദേശീയ ജനതയെ പിറന്ന മണ്ണിൽ നിന്ന് പിഴുതെറിയാനുള്ള മറയായി അതിനെ ഉപയോഗിക്കുമ്പോൾ അതിന്റെ യാഥാർഥ്യം അന്വേഷിക്കേണ്ടത് ആവശ്യമായി വരുന്നു.

ഹോളോകോസ്റ്റ് യാഥാർഥ്യമാണെങ്കിൽ തന്നെ അത് സംഭവിച്ചത് യൂറോപ്പിലാണ്. യൂറോപ്യൻ ചരിത്രത്തിന്റെ ലജ്ജാകരമായ ഭാഗവും അധ്യായവും എന്ന നിലയിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്കും പീഡനത്തിനിരയായവർക്കും നഷ്ടപരിഹാരം നൽകേണ്ടത് യൂറോപ്പാണ്, പ്രത്യേകിച്ച് ജർമനി. ജർമനിയുടെ ഏതെങ്കിലും ഒരു ഭാഗത്ത് യഹൂദന്മാർക്കായി ഒരു രാഷ്ട്രം സ്ഥാപിച്ചു നൽകുന്നതിന് ആരും എതിരല്ല. സംഭവവുമായി ഒരു നിലക്കും ബന്ധമില്ലാത്ത ഫലസ്ത്വീനികളുടെ ചെലവിൽ പരിഹാരക്രിയ ചെയ്യുന്നതിൽ എന്ത് യുക്തിയാണുള്ളത്?

ലക്ഷക്കണക്കിന് ഏഷ്യക്കാരും ആഫ്രിക്കക്കാരും രണ്ടാം ലോക യുദ്ധത്തിന്റെ ഇരകളായിട്ടുണ്ട്. ഹിറ്റ്ലറുടെ ക്രൂരതയിൽ മരണമടഞ്ഞത് അറുപത് ദശലക്ഷം മനുഷ്യരാണ്. യഹൂദരല്ലാത്ത മുപ്പത് ലക്ഷം പോളണ്ടുകാർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധം ചെയ്യാത്ത അറുപത് ലക്ഷം സ്ളാവുകൾ വധിക്കപ്പെട്ടു. ഈ വിഭാഗത്തിൽനിന്നെല്ലാം യഹൂദരെ മാത്രം മാറ്റിനിർത്തുന്നത് എന്തിനാണ്? ഹിറ്റ്ലറുടെ ക്രൂരത മൂലം കൊല ചെയ്യപ്പെട്ട യഹൂദരെയും യഹൂദരല്ലാത്തവരെയും വേറിട്ട് കാണുന്നതിന്റെ ന്യായീകരണമെന്താണ്? ഹോളോകോസ്റ്റിന് പരിഹാരമാണ് ഇസ്രയേൽരാഷ്ട്രമെങ്കിൽ ഫലസ്ത്വീനികളോട് ചെയ്യുന്ന അക്രമത്തിനും അനീതിക്കുമുള്ള പരിഹാരമെന്താണ്?

**കെ.വി ഇസ്ഹാഖ്**
**ഒതളൂർ**

# മറക്കാൻ കഴിയാത്ത ഒത്തുകൂടൽ

**2007** ജനുവരി 20,21 തീയതികളിൽ പാലക്കാട് പത്തിരിപ്പാലയിൽ നടന്ന ജമാഅത്തെ ഇസ്ലാമി സംസ്ഥാന പ്രവർത്തക സമ്മേളനം മറക്കാൻ കഴിയാത്ത ഒട്ടേറെ ഓർമകളുമായാണ് കടന്നുപോയത്. തീക്ഷ്ണ പരീക്ഷണങ്ങളെ ക്ഷമാപൂർവം അതിജീവിച്ച് പ്രസ്ഥാനത്തെ നട്ടുവളർത്തിയ ആദ്യകാല പ്രവർത്തകർ മുതൽ അടുത്ത കാലത്ത് പ്രസ്ഥാനത്തിലേക്ക് കടന്നുവന്നവർ വരെ രണ്ടു ദിവസങ്ങളിൽ പരസ്പരം പരിചയപ്പെട്ടും അനുഭവങ്ങൾ പങ്കുവെച്ചും കഴിച്ചുകൂട്ടിയ മണിക്കൂറുകൾ എന്തുമാത്രം ധന്യമായിരുന്നു! ഗുരുതര രോഗങ്ങളാൽ പ്രയാസപ്പെടുന്നവർ സമ്മേളനത്തിൽ എങ്ങനെയെങ്കിലും പങ്കെടുക്കണമെന്ന ശാഠ്യത്തോടെ സന്നിഹിതരായി. കണ്ണൂരിൽനിന്നുള്ള ഹാറൂൻ സാഹിബിനെ വീൽചെയറിൽ കണ്ടപ്പോൾ രണ്ടു ദശകങ്ങൾക്കു മുമ്പ് പ്രവാസജീവിതത്തിൽ ഒരുമിച്ചുകഴിഞ്ഞ ദിനങ്ങളിലെ ആവേശവും ആത്മവിശ്വാസവും ഇപ്പോഴും അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞു. അടുത്തിടെ ഉണ്ടായ ഒരപകടത്തിൽ അരക്കു കീഴെ ചലനശേഷി നഷ്ടപ്പെട്ടതിലുള്ള ഒരു പരിഭവവും അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞില്ല.

സമർപ്പണവും സഹകരണവും അച്ചടക്കവും മുഖമുദ്രയായ കരുത്തുറ്റ ഒരു നിരയെ വളർത്തിയെടുക്കാൻ കഴിഞ്ഞ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ മനം നിറയെ ശുഭപ്രതീക്ഷകളുമായാണ് പത്തിരിപ്പാലയിൽനിന്ന് മടങ്ങിയത്.

**എം.പി അബ്ദുൽ ഹമീദ്, പരപ്പനങ്ങാടി**